"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 228/2012 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2479/2025/LSGD തീയതി, തിരുവനന്തപുരം, 11-10-2025**

---

പരമാർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25/02/2025-ലെ എ3/3895/2012/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.1553/2025/തസ്വഭവ, തീയതി, 23/06/2025.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18/06/2025 തീയതിയിലെ കെ1-421183/2022 നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം. 1792/2025/തസ്വഭവ, തീയതി, 21/07/2025.
5. സ.ഉ.(സാധാ) നം.7167/2025/തസ്വഭവ, തീയതി, 03/09/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ 0.01 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 228/2012 നമ്പർ കേസിലെ 31/08/2025 വരെയുള്ള ബാലൻസ് തുകയായ 1,30,721/- രൂപ (ഒരു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി ലഭ്യമാക്കിയ പരാമർശം (1) പ്രൊപ്പോസൽ പരിശോധിച്ച് പരാമർശം (2) പ്രകാരം എൽ.എ.ആർ. 228/2012 നമ്പർ കേസിലെ 31/03/2025 വരെയുള്ള ബാലൻസ് തുകയായ 1,28,511/- രൂപ (ഒരു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) മേൽ എൽ.എ.ആർ. 228/2012 നമ്പർ കേസിലെ ബാലൻസ് തുകയായ 1,30,721/- രൂപയിൽ നിന്നും പരാമർശം (2) പ്രകാരം റിലീസ് ചെയ്ത നൽകിയിട്ടുള്ള 1,28,511/- രൂപ കുറവ് ചെയ്ത് ബാക്കി നൽകാനുള്ള 2,210/- രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) അനുവദിക്കുന്നതിന്

പരാമർശം (4) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം(5) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 3,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 197/1-1, 197/1-4 (എൽ.എ. റീസർവ്വേ നം.15/129)-ൽ ഉൾപ്പെട്ടതും ശ്രീ. യോഹന്നാൻ ഡാനിയേലിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.01 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 228/2012 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,210/- രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. യോഹന്നാൻ ഡാനിയേലിന് അനുവദിക്കുന്നതിന് '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (5) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ASHA A K**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. യോഹന്നാൻ ഡാനിയേൽ, പുറമ്പരേത്ത് വീട്, കുമാരപുരം, മാടത്തുവിളാകം മുറി, പട്ടം,
തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/119/2025/FIN. dated 18.09.2025).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/5/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 13-10-2025 10:32:41

സെക്ഷൻ ഓഫീസർ